# രാമായണമാസം, ചില രാവണചിന്തകൾ (2)

സുധീർ പണിക്കവീട്ടിൽ



കൈകേയിയുടെ വെണ്മാടത്തിന്റെ മട്ടുപ്പാവിൽ നിന്നു മന്ഥര നോക്കിയപ്പോൾ അയോദ്ധ്യപുരി അണിഞ്ഞൊരുങ്ങുന്നു. എങ്ങും ആഘോഷത്തിന്റെ അലയൊലികൾ. സർവ്വവാദ്യ നിസ്വനങ്ങൾ, മാലകളും പ്രസാദവുമായി പുരോഹിതർ, വേദമന്ത്രോച്ചാരണങ്ങൾ, ചെത്തിമിനുക്കിയ വീട്ടുമുറ്റങ്ങൾ, പതാക പാറികളിക്കുന്ന വീടുകൾ, ഹോ എന്താണിതെന്നു അവർ ശങ്കിച്ച്പോയി. ഒരു ഭ്രുത്യയോട് തന്റെ സംശയനിവർത്തി വരുത്തി. നാളെ ശ്രീരാമഭിഷേകം. അതു കേട്ട് ത്രിവക്രയായ (മൂന്നു വളവുകളും കൂനുമുള്ള) ധാത്രിയുടെ കോപം വർദ്ധിച്ചു.അവൾ കൊട്ടാരത്തിന്റെ മുകളിൽ നിന്നും പടിയിറങ്ങി.

മെത്തയിൽ ശയിക്കയായിരുന്ന കൈകേയിയോട് ഉണർത്തിച്ചു. രാമൻ രാജാവാകാൻ പോകുന്നു. ദശരഥ മഹാരാജാവ് ഭരതനെ അമ്മയുടെ വീട്ടിലേക്ക് പറഞ്ഞയച്ച് നാളെ രാമനെ യുവരാജാവായി അഭിഷേകം കഴിക്കും. പിന്നെ നിന്റെയും നിന്റെ മകന്റേയും ജീവിതം ദുസ്സഹം. ശുദ്ധഗതികാരിയായ നിനക്ക് രാജവിന്റെ കുതന്ത്രങ്ങൾ മനസ്സിലാകുന്നില്ല. അതുകൊണ്ട് സുന്ദരി സമയം കളയാതെ വേണ്ടത് ചെയ്യുക. മന്ഥരയുടെ വാക്കുകൾ കേട്ട് ശരത്കാലത്തെ ചന്ദ്രലേഖപോലെ ഹർഷസമ്പൂർണ്ണയായി കൈകേയി മെത്തയിൽ നിന്നും ഏണീറ്റു. അവർ അതീവ സന്തുഷ്ടയായ് ആ കൂനിക്ക് ഒരാഭരണം സമ്മാനമായി നൽകി. എഴുത്തഛൻ എഴുതിയിരിക്കുന്നത് ഒരു സ്വർണ നൂപുരം നൽകിയെന്നാണു.(ചാമീകരനൂപുരം) കാരണം ആ വാർത്ത കൈകേയിയെ സന്തോഷിപ്പിച്ചിരുന്നു. അവർ പറഞ്ഞു എനിക്ക് രാമനും ഭരതനും വ്യത്യാസമില്ല. ഇത്രയും നല്ല വാർത്ത കൊണ്ട് വന്നതിനു എന്തു വരമാണു നിനക്ക് വേണ്ടത്.

എന്നാൽ മന്ഥര പൊന്നാഭരണം താഴെ വലിച്ചെറിഞ്ഞ് കോപദുഃഖസമന്വിതയായി കൈകേയിലെ കൈകേയിയെ ശാസിച്ചു.. വിഷമങ്ങളുടെ നടുക്കടലിലാണെന്നറിയാത്ത വെറും ബാലികയാണു നീ. മന്ഥരയുടെ വാക്കുകൾ ഒന്നും കൈകേയിയെ കുറെനേരത്തേക്ക് സ്വാധീനിക്കാൻ കഴിഞ്ഞില്ല. മന്ഥര ദീർഘശ്വാസം വിട്ട് വീണ്ടും തന്റെ കുടില തന്ത്രങ്ങൾ പൂർവ്വാധികം ശക്തിയോടെ ആരംഭിച്ചു. . കാര്യങ്ങൾ ഇങ്ങനെയാണെങ്കിൽ അമ്മാത്ത് നിന്നും ഭരതനു കാട്ടിൽ പോകുന്നതാണു നല്ലത്. പാപദർശിനിയായ മന്ഥരയുടെ ദുർബോധനത്തിൽ അവസാനം വശംവദയായ കൈകേയി ഭരതനെ

രാജാവാക്കാനുള്ള ഉപായങ്ങളും മന്ഥരയോട് ചോദിക്കുന്നു. തൻെറ യജമാനത്തിയോട് സ്നേഹമുള്ള മന്ഥര എല്ലാ പദ്ധതികളും വിവരിച്ച്കൊടുക്കുന്നു. (വിവരിക്കുന്നില്ല, കാരണം ലേഖനോദ്ദേശ്യം അതല്ല)

പതിവ്പോലെ കാമമോഹിതനായി ദശരഥൻ തൻെറ ഇഷ്ടപ്രാണേശ്വരിയെ പ്രാപിക്കാൻ കൈകേയിയുടെ അറയിൽ എത്തുമ്പോൾ അവൾ അവിടെയില്ല. അവൾ വേറൊരു മുറിയിൽ മുഷിഞ്ഞ വസ്ത്രങ്ങളുമായി പിണങ്ങി കിടപ്പാണു. രാജാവ് കാരണം അന്വേഷിച്ച്പ്പോൾ അവൾ പറ ഞ്ഞ മറുപടി കേട്ട് (ഭരതനെ രാജാവാക്കുക, രാമനെ കാട്ടിലേക്കയക്കുക) രാജൻ മുറിച്ചിട്ട മരം പോലെ വീണുപോയി. ഭരതനെ രാജാവാക്കാം എന്നാൽ എന്തിനാണു രാമനെ പതിന്നാലു വർഷം വനവാസത്തിനു വിടുന്നതെന്നു രാജാവു ചോദിച്ചു. രാജാവ് കാലു പിടിക്കാൻ വരെ തയ്യാറായി എന്നാൽ കൈകേയി തൻെറ തീരുമാനത്തിൽ നിന്നും ഇളകിയില്ല. അവസാനം രാമനെ ആളയച്ച് വരുത്തി. രാമൻ വന്നാപ്പോൾ "രാമ" എന്നു പറഞ്ഞ് ദശരഥൻ മൗനം ഭജിച്ചു. രാജാവിൻെറ സത്യം (വരദാനം) നില നിർത്താൻ രാമൻ കാട്ടിൽ പോകണമെന്നു കൈകേയിയാണു രാമനോട് പറയുന്നത്. കൈകേയിയുടെ ആഗ്രഹനിവ്രുത്തിക്കായി അഛൻ അങ്ങനെ ഒരു തീരുമാനം ചെയ്യുമ്പോൾ അതിൽ എന്തു ധർമ്മമ്മാണുള്ളത്.

കൈകെയി പറഞ്ഞയുടനെ രാമൻ കാട്ടിൽ പോകാൻ തുള്ളി പുറപ്പെട്ടു. രണ്ടാനമ്മയോട് അഛനുള്ള പ്രിയം രാമൻ മാനിക്കുന്നത് ശരിയായിരിക്കാം പക്ഷെ അതെങ്ങനെ ധർമ്മമാകും. ഒരു കുറ്റവും ചെയ്യാത്ത രാമനെ കാട്ടിലേക്ക് പറഞ്ഞയക്കാനുള്ള വരം ചോദിക്കാൻ കൈകേയിക്ക് ധർമ്മികമായ അവകാശമില്ല. ധർമ്മവിരുദ്ധമായി പ്രവർത്തിക്കുന്നവരെ ശിക്ഷിക്കുന്നതിനു പകരം അവരെ അനുസരിക്കുമ്പോൾ മര്യാദ പുരുഷോത്തമനാകുമെന്നു ആരാണു സമ്മതിക്കുക. ശിക്ഷിക്കേണ്ടത് രാജാവാണെങ്കിലും. രാജാവ് ഇവിടെ സ്ത്രീലമ്പടനായി നിസ്സഹായത വെളിപ്പെടുത്തുന്നു. രാമൻെറ തീരുമാനത്തോട് ലക്ഷ്മണൻ യോജിക്കുന്നില്ല. അദ്ദേഹം രാജാവായ അഛനോട് യുദ്ധം ചെയ്യാൻ തയ്യാരാകുന്നു. അവകാശം അങ്ങനെ പിടിച്ച് പറ്റരുത്, പുത്രൻ എന്ന നിലക്ക് അഛൻെറ ആജ്ഞ പാലിക്കുക എന്ന കടമ നിർവ്വഹിക്കുക എന്ന കാര്യത്തിൽ രാമൻ ഉറച്ച് നിൽക്കുന്നു. തനിക്ക് ഹിതകരമായ്ത് ചെയ്യാതിരിക്കുന്നതത്രെ ധർമ്മം.ദശരഥനു മകൻ കാട്ടിൽ പോകുന്ന കാര്യം ചിന്തിക്കകൂടി വയ്യ. കൈകേയിക്കാണു അതിനു ആഗ്രഹം. കൈകേയിയുടെ അധാർമ്മികമായ ആഗ്രഹത്തിനു വഴങ്ങുന്നത് ധർമ്മനിഷ്ഠയാകുന്നില്ല.. ഇങ്ങനെ വളരെയധികം വസ്തുതകൾ നമ്മൾ വായിക്കുമ്പോൾ മര്യാദ പുരുഷോത്തമനായ രാമൻ എന്നു മുഴുവനായി വിശ്വസിക്കാൻ സാധാരണകാർക്ക് വിഷമമാണു. പണ്ഡിതന്മാർ എന്തൊക്കെ വ്യഖ്യാനങ്ങൾ നിരത്തിയാലും. എന്നാൽ ഒരു വ്യാഖ്യാനവും ഇല്ലാതെ ഉത്തമപുരുഷനായി ശ്രീ യേശുദേവനെ എല്ലാവർക്കും കാണാൻ കഴിയുന്നു.

(തുടരും)